## പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 889 — 25.01.2018-ന് മറുപടിയ്ക്ക്

### വനസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. കെ. രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അട്ടപ്പാടിയിലെ വനഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പ്രകാരം വനവിസ്തൃതിയിൽ ഉണ്ടായ കുറവെത്രയെന്ന് വ്യക്തമാക്കാമോ; | (എ) | അട്ടപ്പാടിയിലെ വനഭൂമിയുടെ വിസ്തൃതി 298.44 ച.കി.മീറ്ററാണ്. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ പ്രകാരം വനവിസ്തൃതിയിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സർക്കാർ പദ്ധതികൾ വനഭൂമിയിൽ നടപ്പാക്കിയത് മൂലം വനവിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രകുറഞ്ഞുവെന്ന് അറിയിക്കുമോ; | (ബി) | സർക്കാർ പദ്ധതികൾ വനഭൂമിയിൽ നടപ്പിലാക്കിയത് മൂലം കഴിഞ്ഞ 5 വർഷത്തിനിടെ അട്ടപ്പാടിയിലെ വനവിസ്തൃതി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഭൂരഹിത ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനായി 10000 ഏക്കർ വനഭൂമി റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ സർവ്വേ ചെയ്തു വരുന്നുണ്ട്. |
| (സി) | കണക്കുകൾ പ്രകാരം അനധികൃതമായി കൈയ്യേറിയ ഭൂമി എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | അട്ടപ്പാടി മേഖലയിൽ 01.01.1977 ന് ശേഷം 508.4720 ഹെക്ടർ വനഭൂമിയിൽ കയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം വനഭൂമി നഷ്ടമാകുന്നത് വഴി ജൈവസമ്പത്ത് കുറയുകയും വന്യമൃഗശല്യം, വരൾച്ച, ജലക്ഷാമം എന്നിവ വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ ഇത് കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വനം കയ്യേറ്റം തടയുന്നതിന് അതിർത്തി പുനർ നിർണ്ണയം പൂർത്തിയായ വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ കെട്ടി സംരക്ഷിച്ചു വരുന്നുണ്ട്. ശേഷിക്കുന്ന ഭാഗങ്ങളുടെ സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനും ജണ്ടകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും വനം കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിക്കുന്നതിനും, കുറ്റവാളികൾക്കെതിരെ കേസെടുക്കുന്നതിനും ബന്ധപ്പെട്ട പ്രദേശങ്ങളിൽകൂടി സ്ഥിരമായി പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. 01.01.1977 ന ശേഷം ഉള്ളതാണെന്ന് കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ